**QP CODE** **Enrollment Number: ………………**

**D2008** **Name: ………………………………**

# MA DEGREE EXAMINATIONS, MAY 2025
## Fourth Semester
## M.A. Malayalam Language and Literature
## M21ML06DE – നാരായണഗുരുപഠനം
## (Supplementary)
## (2022 admissions)

**Time: 3 Hours** **Max Marks: 70**

### സെക്ഷൻ എ

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം.**

1. 'ബോദ് ലെയറിയൻ ആധുനികത' എന്ന പദം എന്തിനെ സൂചിപ്പിക്കുന്നു?
2. എസ്.എൻ.ഡി.പി. സ്ഥാപിതമായതിനു പിന്നിലുള്ള പ്രധാന പ്രേരണകൾ എന്തെല്ലാമായിരുന്നു?
3. 'ജാതിയില്ലാ വിളംബരം' നടത്താൻ ഇടയാക്കിയ സാഹചര്യമെന്ത്?
4. "ആണും പെണ്ണും വേർതിരിച്ചു
   കാണും വണ്ണമിനത്തെയും
   കാണണം കുറികൊണ്ടിമ്മ-
   ട്ടാണു നാമറിയേണ്ടത് " - വരികളുടെ അർത്ഥം വ്യക്തമാക്കുക.
5. 'ഏകമതം' എന്ന മതദർശനം പരിചയപ്പെടുത്തുക.
6. ചാന്നാർലഹളയുടെ സാമൂഹിക പ്രസക്തിയെന്ത്?
7. ശങ്കരാദ്വൈതത്തിന്റെ കാതൽ എന്താണ്?
8. ശരീരത്തിന്റെ ജീർണ്ണതയെ പ്രകടിപ്പിക്കാനായി ശിവശതകത്തിൽ ഉപയോഗിച്ചിരിക്കുന്ന ബിംബത്തിന്റെ സവിശേഷതയെന്താണ്?

**(2X5=10)**

### സെക്ഷൻ ബി

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം**

9. അതിപ്രാകൃതവും ദയനീയവുമായ ഒരു കാലമെന്ന് പത്തൊമ്പതാം നൂറ്റാണ്ടിനെ വിശേഷിപ്പിക്കാനുണ്ടായ സാഹചര്യമെന്ത്?
10. ശ്രീനാരായണ ഗുരുവിന്റെ അദ്വൈത ദർശനത്തെക്കുറിച്ച് വിവരിക്കുക.

11. മഹാകവി കുമാരനാശാന്റെ കാവ്യോപാസനയിൽ ശ്രീനാരായണഗുരു ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് പി പവിത്രന്റെ നിരീക്ഷണങ്ങളെന്തെല്ലാം?
12. ശ്രീനാരായണ ഗുരുവിന്റെ ജീവിതത്തിന്റെ അവസാന ഘട്ടത്തെക്കുറിച്ചുള്ള സ്മരണകൾ നടരാജഗുരു അടയാളപ്പെടുത്തുന്നതെങ്ങനെ?
13. ശ്രീനാരായണഗുരുവുമായുണ്ടായ സമ്പർക്കം കുറ്റിപ്പുഴയുടെ ജീവിതത്തിലെ വഴിത്തിരിവായതെങ്ങനെ?
14. 'ജാതിനിർണയം' എന്ന കൃതിയുടെ ചരിത്രപ്രാധാന്യമെന്ത്?
15. അംബേദ്കർ, ശ്രീനാരായണഗുരു എന്നിവരുടെ ആശയങ്ങളും പ്രവർത്തനങ്ങളും തമ്മിലുള്ള താരതമ്യത്തിന്റെ സാംഗത്യം പരിശോധിക്കുക.
16. സ്വതന്ത്ര മതേതര സമൂഹത്തെ വാർത്തെടുക്കുന്നതിൽ ശ്രീനാരായണ ദർശനങ്ങൾ വഹിക്കുന്ന പങ്കിനെക്കുറിച്ചുള്ള കെ പി അപ്പന്റെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.
17. 'സ്വത്വ സംബന്ധമായ അദ്വൈത ചിന്തകളെ അവതരിപ്പിക്കുന്ന കൃതിയാണ് ആത്മോപദേശശതകം'- സമർത്ഥിക്കുക.
18. മതങ്ങൾക്കതീതമായ മാനവികത കേരളീയ സമൂഹത്തിൽ സൃഷ്ടിച്ച നവോത്ഥാന നായകനായിരുന്നു അയ്യങ്കാളി എന്ന് സണ്ണി എം. കപിക്കാട് സമർത്ഥിക്കുന്നതെങ്ങനെ?

**(5X6=30)**

## സെക്ഷൻ സി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പതിനഞ്ചു മാർക്ക് വീതം.**

19. "ശ്രീനാരായണ ഗുരുവിന്റെ ആശയങ്ങൾ, ബ്രാഹ്മണ്യത്തിന്റെയും ജാതി വ്യവസ്ഥയുടെയും എന്നതുപോലെ കൊളോണിയൽ ആധുനികതയുടെയും ചിന്താധാരകളെ ഇളക്കിമറിക്കാൻ തക്ക ശേഷിയുള്ളതായിരുന്നു" -ഈ പ്രസ്താവനയോട് വിമർശനാത്മകമായി പ്രതികരിക്കുക.
20. കേരളീയ നവോത്ഥാന പരിശ്രമങ്ങളിൽ നവോത്ഥാന നായകന്മാർ നടത്തിയ ഇടപെടലുകളെക്കുറിച്ച് വിവരിക്കുക.
21. ജാതീയതയ്ക്കെതിരായ പ്രബോധനം ശ്രീനാരായണഗുരുവിന്റെ കവിതകളിൽ കടന്നുവരുന്നതെങ്ങനെ?
22. "ജാതീയതയ്ക്കെതിരെയുള്ള തുറന്ന പോരാട്ടങ്ങളാണ് അയ്യങ്കാളിയുടെ പ്രവർത്തനങ്ങൾ"- ഉപന്യസിക്കുക.

**(15X2=30)**